# ക്രമസമാധാന-സുരക്ഷിതത്വ പ്രശ്നങ്ങളും സേവനങ്ങളും

**അഴിമതിരഹിത** വാളയാർ പൗരാവകാശ രേഖയിൽ ചരക്കുവാഹനങ്ങളിൽ വരുന്ന ഡ്രൈവർമാർക്കും മറ്റ് ജീവനക്കാർക്കും സമ്പൂർണ സുരക്ഷിതത്വവും ഇടനിലക്കാരില്ലാതെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും വാഗ്ദാനം ചെയ്തിരുന്നു.

1. ഗുണ്ടാസംഘങ്ങളെ അമർച്ചചെയ്യും. ചെക്ക്പോസ്റ്റ് പരിസരത്ത് ഡ്രൈവർമാർ ക്ലീനർമാർ എന്നിവർക്ക് മാത്രമായിരിക്കും പ്രവേശനം.
2. ഗ്രീൻചാനൽ, മറ്റുവാഹനങ്ങൾ എന്നിങ്ങനെ രണ്ട് ക്യൂ ഉണ്ടാകും. ക്യൂ കർശനമായി പാലിക്കും എന്ന് ഉറപ്പാക്കുന്നതാണ്.
3. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ഡെസ്ക് സൗകര്യം സൗജന്യമായി ലഭ്യമായിരിക്കും. ഹെൽപ്ഡെസ്കിൽ ടെലിഫോൺ, ഫാക്സ്, ഫോട്ടോകോപ്പിയിംഗ് സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമായിരിക്കും. ഈ സേവനങ്ങൾക്ക് ചാർജ്ജ് ഈടാക്കുന്നതാണ്.
4. ശരിയായ രേഖകളുടെ അഭാവത്തിൽ മാത്രമേ വാഹനങ്ങൾ തടഞ്ഞുവയ്ക്കുകയുള്ളൂ. തടഞ്ഞുവയ്ക്കുന്ന വാഹനങ്ങൾക്ക് സമയം രേഖപ്പെടുത്തിയ കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതാണ്.
5. തടഞ്ഞുവയ്ക്കുന്ന വാഹനങ്ങൾ ചെക്പോസ്റ്റ് യാർഡിലോ പരിസരത്തോ സുരക്ഷിതമായി പാർക്ക് ചെയ്യാനുള്ള സൗകര്യം നൽകുന്നതാണ്. (പാർക്കിംഗ് സംബന്ധിച്ച് പോലീസ് നൽകുന്ന നിർദ്ദേശം പാലിക്കണം).
6. തടഞ്ഞുവയ്ക്കുന്ന വാഹനങ്ങൾക്ക് നൽകിയ നോട്ടീസിൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് എക്സിറ്റ് പാസ് നൽകുന്നതാണ്. നോട്ടീസ് നൽകിയ ഉദ്യോഗസ്ഥന്റെതന്നെ സാന്നിധ്യം ഇതിന് നിർബന്ധമാക്കുന്നതല്ല.
7. സെക്യൂരിറ്റി തുക പണമായോ ബാങ്ക് ഗ്യാരന്റിയായോ സ്വീകരിക്കും.

## ഹെൽപ് ഡെസ്ക്

24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ഡെസ്ക് ആരംഭിച്ചിരിക്കുന്നു. ഇതിനുവേണ്ടി വാണിജ്യനികുതി ഓഫീസ് ബ്ലോക്ക് എ യുടെ കിഴക്കുവശത്തായി പ്രത്യേക കാബിൻ പണികഴിപ്പിച്ചിട്ടുണ്ട്. ടെലഫോൺ, ഫാക്സ് സൗകര്യങ്ങളും റിട്ടയർചെയ്ത നികുതിവകുപ്പ് ഉദ്യോഗസ്ഥരുടെ സഹായവും ഏർപ്പാടാക്കിയിട്ടുണ്ട്. പബ്ലിക് അഡ്രസ് സിസ്റ്റം ഇവിടെനിന്നായിരിക്കും പ്രവർത്തിക്കുക. ലോറി ജീവനക്കാരുടെ സഹായത്തിനുള്ള സൈൻബോർഡുകൾ വച്ചിട്ടുണ്ടെങ്കിലും അവ സ്ഥിരസ്വഭാവമുള്ളതല്ല. കൂടുതൽ ആകർഷകമായ സ്ഥിര സൈൻബോർഡുകൾ സ്ഥാപിക്കുന്നതാണ്. യൂസ് & പേ ടോയ്ലറ്റ് സൗകര്യങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഡ്രൈവർമാർ ക്കായി തമിഴിലും ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖകൾ തയ്യാറായിട്ടില്ല. ഇപ്പോൾ മലയാളത്തിലുള്ള നോട്ടീസ് മാത്രമാണ് നൽകുന്നത്. സഹായ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് കഴിയേണ്ടതാണ്.

## ക്രമസമാധാനപാലനം

അഴിമതിരഹിത വാളയാർ പരിപാടിയുടെ സുപ്രധാന നേട്ടങ്ങളിലൊന്ന് ചെക്ക്പോസ്റ്റുകൾ അടക്കിവാണിരുന്ന മാഫിയാ സംഘങ്ങളെ അമർച്ചചെയ്തു എന്നതാണ്. ഓപറേഷൻ പാലക്കാട് ഗാപ്പിന്റെ അനുഭവത്തിൽനിന്ന് ശരിയായ പാഠമുൾക്കൊള്ളാൻ കഴിഞ്ഞു. പുതിയ പരിപാടിയുടെ തുട

പട്ടിക 6.1

*വകുപ്പുതല സംയുക്ത യോഗങ്ങൾ*

| തീയതി | സ്ഥലം | പങ്കെടുത്തവർ |
|---|---|---|
| 02.08.07 | തിരുവനന്തപുരം സെക്രട്ടേറിയറ്റ് | അഭ്യന്തര മന്ത്രി, ധനമന്ത്രി, ഡി.ജി.പി.ശ്രീ രമൺ ശ്രീവാസ്തവ, ടാക്സസ് കമ്മീഷണർ ശ്രീ പോൾ ആന്റണി, ടാക്സസ് സെക്രട്ടറി ശ്രീ മാരപാണ്ഡ്യൻ, എ.ഡി.ജി.പി. ഹെഡ്ക്വാർട്ടേഴ്സ്, എ.ഡി.ജി.പി. ഇന്റലിജൻസ് ശ്രീ ജേക്കബ് പുന്നൂസ് |
| 04.08.07 | കില, തൃശൂർ | ധനമന്ത്രി, എ.ഡി.ജി.പി. നോർത്ത് സോൺ ശ്രീ കെ. എസ്.ജാംഗ്പാംഗി, തൃശൂർ റേഞ്ച് ഐ.ജി. ശ്രീ. പി. വിജയാനന്ദ്, പാലക്കാട് എസ്.പി. ശ്രീ വിജയ് സാഖറെ, ടാക്സസ് കമ്മീഷണർ |
| 05.08.07 | കലക്ടറേറ്റ്, പാലക്കാട് | ധനമന്ത്രി, എ.ഡി.ജി.പി., എസ്.പി., ഐ.ജി, ടാക്സസ് കമ്മീഷണർ, ജില്ലാതലപോലീസ് ഉദ്യോഗസ്ഥർ, മോട്ടോർവെഹിക്കിൾസ്, എക്സൈസ് ജില്ലാതല ഉദ്യോഗസ്ഥർ. |
| 24,25.09.07 | കലക്ടറേറ്റ്, പാലക്കാട് | തൃശൂർ റേഞ്ച് ഐ.ജി., എസ്.പി. പാലക്കാട്, ഡി.എസ്.പി. ശ്രീ സി.പി.വേലായുധൻ, മറ്റ് പോലീസ് ഉദ്യോഗസ്ഥർ. |

ക്കത്തിൽതന്നെ പോലീസിനെ സജീവ പങ്കാളികളാക്കിയുള്ള ഒരു സമീപനമാണ് കൈക്കൊണ്ടത്. നികുതി, ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരുടെ ഒട്ടനവധി ഉന്നതതല യോഗങ്ങൾ ഇതിനായി ചേർന്നിട്ടുണ്ട്. അവയുടെ ഒരു ലിസ്റ്റ് പട്ടിക 6.1 ൽ കൊടുക്കുന്നു.

മുകളിൽപറഞ്ഞ യോഗങ്ങളിൽ നടന്ന വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ `സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ ഫോർ മിഷൻ പാലക്കാട് ഗ്യാപ്' എന്ന വിശദമായ രേഖ തയ്യാറാക്കുകയുണ്ടായി. വാളയാർ ചെക്ക്പോസ്റ്റ് പ്രദേശത്തുള്ള പോലീസ് ക്രമീകരണങ്ങളെക്കുറിച്ച് ഏതാണ്ട് പൂർണമായ വിവരങ്ങൾ ഈ രേഖയിൽനിന്ന് ലഭിക്കുമെന്നതിനാൽ മറ്റ് വിശദീകരണങ്ങൾക്കൊന്നും ഒരുമ്പെടുന്നില്ലേ.

പോലീസ് സേനയുടെ സജീവപങ്കാളിത്തമില്ലാതെ വാളയാർ ചെക്ക് പോസ്റ്റിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാധിക്കുകയില്ലെന്ന് ധനമന്ത്രി സ്പഷ്ടമാക്കി. മിഷൻ പാലക്കാട് ഗ്യാപ്പ് പരിപാടിയിൽ പോലീസ് സേന ഒരു പ്രധാനപ്പെട്ട ഭാഗമായിരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പോലീസ് വകുപ്പിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ചുമതലകളാണ് അദ്ദേഹം നൽകിയത്.

1) ചെക്ക് പോസ്റ്റിലെ ഗതാഗതം സുഗമമാക്കുക.
2) ചെക്ക് പോസ്റ്റ് പ്രദേശത്തെ ക്രമസമാധാന പാലനം.
3) ചെക്ക് പോസ്റ്റിലെ കെട്ടിടങ്ങളുടെയും, സാധനസാമഗ്രികളുടെയും, ഉദ്യോഗസ്ഥരുടെയും സുരക്ഷയും സംരക്ഷണവും.
4) വാണിജ്യ നികുതി വകുപ്പ് ചെക്ക്പോസ്റ്റുകളെ മാഫിയകളിൽ നിന്നും മോചിപ്പിക്കുക.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

വാളയാർ ചെക്ക്പോസ്റ്റിൽ പോലീസ് വകുപ്പിന്റെ പ്രാഥമിക ചുമതലകൾ ട്രാഫിക് നിയന്ത്രണം, ചെക്ക്പോസ്റ്റായി നോട്ടിഫൈ ചെയ്ത പ്രദേശത്തിന്റെ ക്രമസമാധാനം നിലനിറുത്തൽ, ചെക്ക്പോസ്റ്റിന് സുരക്ഷാക്രമീകരണം ഏർപ്പെടു

ത്തൽ ചെക്ക്പോസ്റ്റ് മാഫിയയെ ഇല്ലാതാക്കൽ എന്നിവയാണ്. മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിനായി പ്രത്യേകം യൂണിറ്റുകൾ സ്ഥാപിക്കുകയായിരിക്കും അഭികാമ്യം. ഈ ചുമതലകൾ വിജയകരമായി നിർവ്വഹിക്കുന്നതിന് ആംഡ് റിസർവ്വ്, ലോക്കൽ, സ്പെഷ്യൽ ബ്രാഞ്ച് പോലീസുകാരുടെ ഒരു സംഘത്തെ നിയോഗിക്കുന്നതാണ് നല്ലത്. അതിനാൽ മുകളിൽ പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഡെപ്യൂട്ടി സൂപ്രണ്ട് റാങ്കിലുള്ള ഒരു ഓഫീസറെ ചുമതലപ്പെടുത്തുന്നതാവും ഉചിതം. വാളയാർ ചെക്ക്പോസ്റ്റ് നോട്ടിഫൈഡ് ഏരിയയുടെ ചുമതലക്കാരനായി നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി.യെ പാലക്കാട് എസ്.പി. നിയോഗിക്കണം. ഇദ്ദേഹത്തെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പാലക്കാട് സബ് ഡിവിഷനിലെ സർക്കിൾ ഇൻസ്പെക്ടർമാർ രാത്രി കാലങ്ങളിൽ സഹായിക്കണം. പാലക്കാട് എസ്.പി. 2 റിസർവ്വ് സബ് ഇൻസ്പെക്ടർമാരെയും ക്യാമ്പിൽ നിന്നും 60 പോലീസുകാരെയും ജില്ലാ ആംഡ് റിസർവ്വിൽ നിന്ന് നൽകും. കൂടാതെ വാളയാർ പോലീസ് സ്റ്റേഷനിൽ നിന്ന് 3 എ.എസ്.ഐ.മാരെയും 12 പോലീസ് കോൺസ്റ്റബിൾമാരെയും വാളയാർ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയ്ക്ക് മാത്രമായി നിയോഗിക്കും.

ഈ 77 പോലീസുകാരെയും എട്ട് മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായിട്ടാവും വിന്യസിക്കുക. ഓരോ ഷിഫ്റ്റിലും 25 പോലീസുകാർ വീതമുണ്ടാവും. ബാക്കി വരുന്ന 50 പോലീസുകാരെ രണ്ട് തുല്യഗ്രൂപ്പുകളായി വിഭജിക്കും. കാത്തിരിക്കുന്ന ഗ്രൂപ്പും, വിശ്രമിക്കുന്ന ഗ്രൂപ്പും. ഒന്നാമത്തെ ഗ്രൂപ്പ് അവരുടെ ഊഴത്തിനായി കാത്തിരിക്കുകയും മറ്റേ ഗ്രൂപ്പ് ബാരക്കിൽ വിശ്രമിക്കുകയും ചെയ്യും. കാത്തിരിക്കുന്ന ഗ്രൂപ്പ് രണ്ടായി തിരിഞ്ഞ് യഥാക്രമം പോലീസ് ഔട്ട് പോസ്റ്റിലും അതിർത്തിയോട് ചേർന്നുള്ള പാലത്തിനടുത്തും നിലകൊള്ളും. നീണ്ട ക്യൂവോ, ട്രാഫിക് തടസ്സമോ ഉണ്ടായാൽ ഡ്യൂട്ടിയിലുള്ളവരുടെ സഹായത്തിനെത്തും. ഈ രണ്ടു ഗ്രൂപ്പുകളേയും വില്പന നികുതി ചെക്ക്പോസ്റ്റിൽ അടിയന്തിര ക്രമസമാധാന പ്രശ്നമുണ്ടാവുകയോ നാഷണൽ ഹൈവേയിൽ ഗുരുതരമായ ട്രാഫിക് തടസ്സമുണ്ടാവുകയോ ചെയ്താൽ ഉപയോഗപ്പെടുത്തും.

നാഷണൽ ഹൈവേ, വിൽപ്പന നികുതി ചെക്ക്പോസ്റ്റ് പരിസരം, ഗ്രീൻ ചാനൽ എന്നിവിടങ്ങളിലെ ട്രാഫിക് നിയന്ത്രണം വാളയാർ ചെക്ക് പോസ്റ്റിൽ നിയോഗിക്കപ്പെടുന്ന പോലീസുകാരുടെ ഉത്തരവാദിത്വമാണ്. പരിശോധന ആവശ്യമില്ലാത്ത വാഹനങ്ങൾ പോകുന്ന ഗ്രീൻ ചാനലിൽ ട്രാഫിക് ബ്ലോക്ക് ഒഴിവാക്കുകയും വാഹനങ്ങൾ വേഗത്തിലും തടസ്സമില്ലാതെയും ചെക്ക് പോസ്റ്റിലൂടെ കടന്നു പോകുന്നുവെന്നും ഇവർ ഉറപ്പു വരുത്തും. സെയിൽസ് ടാക്സ് പരിശോധന ആവശ്യമുള്ള വാഹനങ്ങൾ ഗ്രീൻ ചാനലിൽ കയറുന്നതാണ് വാളയാറിലെ ട്രാഫിക് ബ്ലോക്കിനുള്ള മുഖ്യകാരണം. അതിനാൽ ഡ്യൂട്ടിയിലുള്ള പോലീസുകാർ ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഗ്രീൻ ചാനലിൽ കടക്കേണ്ടതില്ലാത്ത വാഹനങ്ങൾ ഗ്രീൻ ചാനലിൽ കയറുന്നില്ലെന്ന് ഉറപ്പുവരുത്തണം.

**മാഫിയാസംഘങ്ങൾ**

ചെക്ക്പോസ്റ്റ് ഏരിയയായി നോട്ടിഫൈ ചെയ്തിട്ടുള്ള പ്രദേശത്തെ ക്രമസമാധാനപാലനവും ചെക്ക്പോസ്റ്റിന് സുരക്ഷ നൽകലും ചെക്ക്പോസ്റ്റിൽ നിയോഗിക്കപ്പെടുന്ന പോലീസുകാരുടെ മറ്റൊരു പ്രധാന ഉത്തരവാദിത്വമാണ്. വാളയാറിൽ നിയോഗിക്കപ്പെട്ടിട്ടുള്ള പോലീസുകാർ ലഹള നിയന്ത്രിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കൈവശംവയ്ക്കുന്നതിനാൽ അടിയന്തിരഘട്ടങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങൾ നിയന്ത്രിക്കുവാൻ കഴിയും.

വാളയാറിലെ അഴിമതിക്കും കാര്യക്ഷമതകുറവിനും പ്രധാന കാരണം ചെക്ക് പോസ്റ്റ് മാഫിയയാണെന്ന് മനസ്സിലാക്കുന്നു. മാഫിയ ഒരു നെറ്റ്‌വർക്കുണ്ടാക്കിയിട്ടുണ്ട്. ഇതിൽ ചില ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടും. ചെക്ക്പോസ്റ്റിന് ചുറ്റുമുള്ള ടെലഫോൺ ബൂത്തുകൾ, ഹോട്ടലുകൾ, ഭക്ഷണശാലകൾ മുതലായവയിലൂടെയാണ് ഇവർ പ്രവർത്തിക്കുന്നത്. അനുസരിക്കാത്ത ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുക, മന:പൂർവ്വം ട്രാഫിക് ബ്ലോക്കുകൾ സൃഷ്ടിക്കുക, ചെക്ക്പോസ്റ്റിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കുക മുതലായ പ്രവൃത്തികളിൽ ഇവർ ഏർപ്പെട്ടിരിക്കുന്നു. മിഷൻ പാലക്കാട് ഗ്യാപ്പ് വിജയകരമായി നടപ്പാക്കാൻ ഈ സംഘടിത കൂട്ടുകെട്ടിനെ തകർക്കേണ്ടതുണ്ട്. അതിനാൽ പാലക്കാട് എസ്.പി. രണ്ട് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് പോലീസുകാരെ മാഫിയകളുടെ രഹസ്യവിവരം ശേഖരിക്കുന്നതിനായി നിയോഗിക്കേണ്ടതാണ്. അവർ ഈ കൂട്ടുകെട്ടിന്റെ പ്രവർത്തനരീതി, അതിലെ അംഗങ്ങൾ, പ്രവർത്തന കേന്ദ്രങ്ങൾ, മാഫിയയെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ എന്നിവ ശേഖരിക്കണം. ചെക്ക്പോസ്റ്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിവരങ്ങൾക്കൊപ്പം ചെക്ക്പോസ്റ്റ് പ്രദേശത്ത് ഹോട്ടൽ, ചായക്കട, ടെലഫോൺ ബൂത്ത് എന്നിവ നടത്തുന്നവരെക്കുറിച്ചുള്ള വിവരങ്ങളും, ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങളും ഇവർ ശേഖരിക്കുകയും കൃത്യസമയത്ത് എസ്.പി.ക്ക് കൈമാറുകയും ചെയ്യണം.

വില്പന നികുതി ചെക്ക് പോസ്റ്റിൽ അനധികൃതമായി പ്രവേശിക്കുവാൻ ആരെയും അനുവദിക്കരുത്. കൃത്യമായി തിരിച്ചറിയൽ കാർഡുകൾ ധരിച്ചിട്ടുള്ള വില്പന നികുതി ഉദ്യോഗസ്ഥരെ മാത്രമെ ചെക്ക് പോസ്റ്റിൽ പ്രവേശിക്കുവാൻ അനുവദിക്കാവൂ. വില്പ്പന നികുതി ചെക്ക്പോസ്റ്റിൽ എത്തുന്നയാൾ വാഹനത്തിന്റെ യഥാർത്ഥ ക്ലീനറാണെന്നും അയാൾ ബ്രോക്കറല്ലെന്നും പോലീസ് ഉറപ്പുവരുത്തണം. ചെക്ക്പോസ്റ്റുമായി ബന്ധപ്പെടേണ്ടവരല്ലാത്ത ഒരാളിനേയും ചെക്ക്പോസ്റ്റിൽ കടക്കുവാൻ അനുവദിക്കരുത്.

ഇപ്പോൾ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. ആയിട്ടുള്ള ഉദ്യോഗസ്ഥൻ മേലിൽ ഡി.വൈ.എസ്.പി. (എം.പി.ജി.) എന്നായിരിക്കും അറിയപ്പെടുക. ഇദ്ദേഹം വാളയാർ ചെക്ക്പോസ്റ്റിലെ ക്രമസമാധാനം, സുരക്ഷ, ട്രാഫിക് എന്നിവയുടെ പൊതുചുതമലക്കാരനായിരിക്കും. പോലീസുകാർ ഹാജരാവുമ്പോൾ അവർക്കുള്ള ഡ്യൂട്ടിയും ഇതര ഉത്തരവാദിത്വങ്ങളും നിർദ്ദേശിക്കേണ്ടത് ഈ ഉദ്യോഗസ്ഥനാണ്. പോലീസുകാരെ ദൈനംദിനം നയിക്കേണ്ടത് അദ്ദേഹത്തിന്റെ വ്യക്തിപരമായി ചുമതലയാണ്. പാലക്കാട് ഡി.വൈ.എസ്.പി., കസബ സർക്കിൾ ഇൻസ്പെക്ടർ, വാളയാർ എസ്.ഐ. എന്നിവർ ആവശ്യം വരുമ്പോൾ അദ്ദേഹത്തെ സഹായിക്കും.

ഏത് സമയത്തും ഏഴു ദിവസത്തിലധികം ഒരു പോലീസുകാരനേയും തുടർച്ചയായി വാളയാർ ചെക്ക്പോസ്റ്റിൽ നിയോഗിക്കുവാൻ പാടുള്ളതല്ല. വാളയാർ ചെക്ക് പോസ്റ്റ് ഡ്യൂട്ടിക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ തുടർച്ചയായും സമയബന്ധിതമായും പോലീസുകാരെ ലഭ്യമാക്കുവാൻ വാളയാർ എസ്.ഐ., എ.ആർ. ക്യാമ്പ് ഡെപ്യൂട്ടി കമാന്റന്റ് എന്നിവർ ഡി.വൈ.എസ്.പി. (എം.പി.ജി.) യുമായി യോജിച്ച് പ്രവർത്തിക്കണം.

**ട്രാഫിക് മൂവ്മെന്റ്**

വാളയാർ ചെക്ക്പോസ്റ്റിൽ ട്രാഫിക് ജാമുണ്ടാവുന്നതിന് ഒരു പ്രധാന കാരണം കേരള-തമിഴ്നാട് അതിർത്തിയിലുള്ള ഒരു ഇടുങ്ങിയ പാലത്തിന് സമീപം വാഹനങ്ങൾ പാർക്കു ചെയ്യുന്നതു കൊണ്ടാണ്. അത്തരമൊരു സാഹചര്യം സംജാതമാകുന്നത് ചെക്ക്പോസ്റ്റിൽ വാഹന പരിശോധന മന്ദഗതിയിൽ നടക്കുന്നതുകൊണ്ടാണ്. ഡി.വൈ.എസ്.പി. (എം.പി.ജി.) പാലത്തിന്റെ ഇരുവശത്തും 50 മീറ്റർ സ്ഥലത്ത് വാഹനങ്ങൾ പാർക്കു ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തണം. അങ്ങനെയാൽ ദേശീയ പാതയിൽ ട്രാഫിക് തടസ്സം ഒഴിവാക്കുവാൻ സാധിക്കും.

വില്പന നികുതി ചെക്ക് പോസ്റ്റിന്റെയും/എക്സൈസ് ചെക്ക്പോസ്റ്റിന്റെയും പ്രവേശന കവാടത്തിന് മുമ്പ് 50 മീറ്റർ സ്ഥലം ഗ്രീൻചാനലിലൂടെ കടത്തിവിടാവുന്ന 6 വിഭാഗത്തിൽപ്പെട്ട വാഹനങ്ങളുടെ ഉപയോഗത്തിനായി ഒഴിച്ചിട്ടാൽ അത്തരം വാഹനങ്ങൾക്ക് ദീർഘനേരം കാത്തുകിടക്കാതെ വില്പന നികുതി ചെക്ക്പോസ്റ്റിലൂടെ വേഗത്തിൽ കടന്നുപോകാം.

പുറത്തേക്കും അകത്തേക്കുമുള്ള പ്രവേശന ഗേറ്റുകൾ ഇടുങ്ങിയതായതിനാൽ ചെയിസിന് നീളം കൂടുതലുള്ള ട്രക്കുകൾക്ക് വില്പന നികുതി ചെക്ക്പോസ്റ്റ് പരിസരത്തേക്ക് പ്രവേശിക്കുവാൻ കഴിയുന്നില്ലെന്ന് കണ്ടിട്ടുണ്ട്. ഇത്തരം ട്രക്കുകൾ ഇപ്പോൾ വില്പ്പന നികുതി ചെക്ക്പോസ്റ്റിന്റെ അകത്തേക്കും പുറത്തേക്കുമുള്ള കവാടത്തിന് ഇടയിലാണ് പാർക്കു ചെയ്യുന്നത്. ഡി.വൈ.എസ്.പി. (എം.പി.ജി.) ഇത്തരം വാഹനങ്ങളുടെ പാർക്കിംഗിനാവശ്യമായ സൗകര്യം നൽകിയാൽ അവ മറ്റു വാഹനങ്ങളുടെ നീക്കത്തെ തടസ്സപ്പെടുത്തുകയില്ല. വാഹനങ്ങൾ അത് ചെറുതായാലും വലുതായാലും വില്പന നികുതി ചെക്ക്പോസ്റ്റ് കൗണ്ടറിലൂടെ വേണം കടന്നുപോകേണ്ടത്. അകത്തേക്കും പുറത്തേക്കുമുള്ള ഗേറ്റുകളുടെ വീതി കൂട്ടുന്നതിലൂടെ ഇത് സാധ്യമാക്കാം.

വില്പ്പന നികുതി ചെക്ക് പോസ്റ്റ് പരിസരത്തെ ട്രാഫിക് ക്രമീകരണങ്ങൾ ഡി.വൈ.എസ്.പി. (എം.പി.ജി.) ഉറപ്പാക്കും. ഇതിലൂടെ കൗണ്ടർ വഴിയുള്ള വാഹനനീക്കം സുഗമമാക്കുവാനും ഗതാഗത തടസ്സങ്ങൾ ഒഴിവാക്കുവാനും സാധിക്കും.

ദേശീയ പാതയിൽ വാളയാർ ചെക്ക് പോസ്റ്റിന്റെ പുറത്തേക്കുള്ള വഴി മുതൽ അതിർത്തിയിലെ പാലം വരെ ട്രാഫിക് പോലീസുകാരെ ഡി.വൈ.എസ്.പി. (എം.പി.ജി.) നിയോഗിക്കണം. ഗ്രീൻ ചാനൽ ഒഴിഞ്ഞു കിടക്കുന്നുവെന്നും കൗണ്ടറിലൂടെ തുടർച്ചയായി വാഹനങ്ങൾ പോകുന്നുവെന്നും ഉറപ്പുവരുത്തണം. വില്പ്പന നികുതി ചെക്ക്പോസ്റ്റിന്റെ പരിശോധന ആവശ്യമുള്ള വാഹനങ്ങൾ ഗ്രീൻ ചാനലിൽ കടക്കുന്നില്ലെന്ന് ഉറപ്പാക്കി ചാനലിലൂടെയുള്ള സ്വതന്ത്രഗതാഗതം ഉറപ്പുവരുത്തണം.

പോലീസുകാരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ട സ്ഥലങ്ങൾ, എണ്ണം എന്നിവ അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്. വിവിധ പോയിന്റുകളിൽ ഇവർ നിർവ്വഹിക്കേണ്ട ചുമതലകൾ അനുബന്ധം 2-ൽ വിശദമാക്കിയിട്ടുണ്ട്. ഇവ രണ്ടും തമിഴ്നാടിനുള്ളിലേക്ക് ക്യൂ നീണ്ടുപോകാതെയിരിക്കുന്ന അവസരത്തിൽ പാലിക്കേണ്ടവയാണ്. വാഹനങ്ങളുടെ ക്യൂ തമിഴ്നാടിനകത്തേക്കു കയറുമ്പോൾ ഡി.വൈ.എസ്.പി. (എം.പി.ജി.) മൊബൈൽ പാർട്ടികളെ നിയോഗിക്കുകയും ദേശീയ പാതയുടെ ആ ഭാഗത്തും വാഹന ഗതാഗതത്തിൽ തടസ്സങ്ങളുണ്ടാക്കാതെ നോക്കുകയും വേണം.

വില്പന നികുതി ചെക്ക് പോസ്റ്റിന്റെ പുറത്തേക്കുള്ള വഴിയിൽ പരിശോധന കഴിഞ്ഞ് വരുന്ന വാഹനങ്ങൾക്ക് നൽകിയിട്ടുള്ള ടോക്കൺ പരിശോധിക്കുന്നതിനായി ഒരു ഔട്ട് പോസ്റ്റുണ്ട്. അവിടെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ റോഡിന്റെ പകുതി ഭാഗം തടസ്സപ്പെടുത്തി ഒരു വാഹനവും പരിശോധനയില്ലാതെ കടന്നുപോകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ വളരെ ഉയർന്ന തോതിൽ ഗതാഗതമുള്ള ദേശീയ പാതയിലാണ് ഈ ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പല സന്ദർഭങ്ങളിലും ഈ പരിശോധന കാരണം വാഹന ഗതാഗതത്തിൽ തടസ്സം നേരിടുകയും ഔട്ട് പോസ്റ്റിന്റെ ഇരുഭാഗത്തും ഗതാഗതതടസ്സമുണ്ടാക്കുകയും ചെയ്യുന്നു. അതിനാൽ ഉരുട്ടി മാറ്റാവുന്ന ബാരിക്കേടുകൾ ഉപയോഗിച്ചോ ഔട്ട് പോസ്റ്റിന് സമീപമുള്ള ദേശീയപാത രണ്ടായി വിഭജിക്കുകയോ ചെയ്താൽ ഗതാഗത തടസ്സം ഒഴിവാക്കുവാനും വാഹനങ്ങൾ നികുതി വെട്ടിച്ച് കടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാനും സാധിക്കും.

**സൗകര്യങ്ങൾ**

വാളയാർ ചെക്ക്പോസ്റ്റിലെ പോലീസുകാർക്ക് താമസസൗകര്യം ഇപ്പോൾ ലഭ്യമല്ല. വില്പന നികുതി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് വാളയാർ ചെക്ക്പോസ്റ്റ് പരിസരത്ത് പോലീസുകാർക്കും ഉദ്യോഗസ്ഥർക്കും താമസസൗകര്യം പാലക്കാട് എസ്.പി. ഉറപ്പാക്കണം. പോലീസുകാർക്ക് അനാവശ്യമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് താമസസ്ഥലത്ത് ഒരു മെസ് തുടങ്ങുകയും വേണം. മെസ് നടത്തുന്നതിനായി മാത്രം ഒരു റിസർവ്വ് സബ് ഇൻസ്പെക്ടറെ അദ്ദേഹം നിയോഗിക്കേണ്ടതാണ്. പാചകത്തിനാവശ്യമായ ഉപകരണങ്ങൾ, ക്യാമ്പ് ഫോളോവർമാർ തുടങ്ങിയവ ജില്ലാ എ.ആർ. ക്യാമ്പിൽ നിന്നും നൽകുന്നതാണ്. താമസത്തിനാവശ്യമായ കട്ടിലും മെത്തയും മറ്റുപകരണങ്ങളും എ.ആർ.ക്യാമ്പിൽ നിന്നു നൽകണം.

വാളയാറിൽ നിയോഗിക്കപ്പെടുന്ന രണ്ട് റിസർവ്വ് സബ് ഇൻസ്പെക്ടർമാർ, പോലീസുകാരുടെ ഭരണപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതാണ്. പോലീസുകാരുടെ ഡ്യൂട്ടിമാറ്റം, അവധി, ഗതാഗത സൗകര്യം, പകരം വേണ്ട പോലീസുകാരെ നിയോഗിക്കൽ എന്നിവയുടെ ഉത്തരവാദിത്വം ഇവർക്കാണ്. വാളയാറിൽ നിയോഗിക്കപ്പെട്ടിട്ടുള്ള പോലീസുകാർക്ക് നൽകുന്ന സാധനസാമഗ്രികളുടെ സ്റ്റോക്ക് ബുക്ക് ഇവർ സൂക്ഷിക്കും. ഇതിനു പുറമെ ദൈനംദിന കാര്യങ്ങളിൽ ഡി.വൈ.എസ്.പി. (എം.പി.ജി.) യെ ഇവർ സഹായിക്കുകയും ചെയ്യും.

വാളയാറിലുള്ള പോലീസ് ഔട്ട് പോസ്റ്റിന് ലോബാന്റ് വയർലസ് സെറ്റ് ടെലികമ്യൂണിക്കേഷൻ പോലീസ് ഇൻസ്പെകടർ അനുവദിക്കുന്നതാണ്. അവിടെ നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് കൈയിൽ കൊണ്ടുനടക്കാവുന്ന വി.എച്ച്.എഫ്. സെറ്റുകൾ നൽകുകയും അതുവഴി ഫലപ്രദമായ വാർത്താവിനിമയം ഉറപ്പാക്കി ഗതാഗത-ക്രമസമാധാന പരിപാലനം നല്ല നിലയിൽ നടത്തുന്നതുമാണ്. കൈയിൽ കൊണ്ടുനടക്കാവുന്ന വി.എച്ച്.എഫ്. സെറ്റിലൂടെ പോലീസുകാർക്ക് അന്യോന്യം വിവരങ്ങൾ കൈമാറുന്നതിന് വാളയാർ ചെക്ക്പോസ്റ്റിനു മാത്രമായുള്ള ഒരു പ്രാദേശിക വയർലസ് നെറ്റ് വർക്ക് സംവിധാനം ഇദ്ദേഹം സ്ഥാപിക്കും. കൈയിൽ കൊണ്ടു നടക്കാവുന്ന 30 വി.എച്ച്.എഫ്. സെറ്റുകൾക്കായി പാലക്കാട് എസ്.പി.. ടെലികമ്യൂണിക്കേഷൻസ് എസ്.പി.യോട് ആവശ്യപ്പെടേണ്ടതാണ്. പാലക്കാട് എസ്.പി., പോലീസ് ഔട്ട് പോസ്റ്റിൽ ഒരു ടെലിഫോൺ ഏർപ്പെടുത്തും. ഇതിലേക്ക് ആവശ്യമായ അംഗീകാരം അദ്ദേഹത്തിന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് ലഭ്യമാക്കുന്നതാണ്.

ട്രാഫിക് നിയന്ത്രണം ഫലപ്രദമായി നടത്തുന്നതിനായി എ.ആർ. ക്യാമ്പ് ഡെപ്യൂട്ടി കമാന്റന്റ് 4 മോട്ടോർ സൈക്കിളുകൾ നൽകും.

എല്ലാ ദിവസവും വാളയാർ ചെക്ക് പോസ്റ്റ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഗതാഗത തിരക്കാണ്. ഇതുമൂലം പ്രദേശമാകെ പൊടികൊണ്ട് മൂടിപ്പോകുന്നു. മഴക്കാലത്ത് അവിടം വാസയോഗ്യമല്ലാത്തതും ചെളി നിറഞ്ഞതുമായിത്തീരുന്നു. ആവശ്യത്തിന് വെളിച്ചം കിട്ടുന്നതിനുള്ള സൗകര്യമില്ലെങ്കിൽ അവിടെ പുറത്ത് ജോലി ചെയ്യാനാവില്ല. ചെക്ക് പോസ്റ്റിന് ചുറ്റുമുള്ള സ്ഥലങ്ങൾ വനം വകുപ്പിന്റേതും കാടുപിടിച്ചു കിടക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ പോലീസുകാരുടെ ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ചില ഉപകരണങ്ങൾ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരം ഉപകരണങ്ങളുടെ ഒരു ലിസ്റ്റ് അനുബന്ധം 3-ൽ നൽകിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ എല്ലായ്പ്പോഴും ലഭ്യമായിരിക്കുമെന്ന് പാലക്കാട് എസ്.പി. ഉറപ്പുവരുത്തണം. പോലീസ് വകുപ്പിൽ നിന്ന് നൽകാനാവാത്ത ഇനങ്ങൾ വാങ്ങിക്കുന്നതിന്/ലഭ്യമാക്കുന്നതിന് വില്പന നികുതി വകുപ്പിന്റെ സഹായം തേടേണ്ടതാണ്.

വാളയാർ ചെക്ക്പോസ്റ്റിൽ വിന്യസിക്കുവാനായി ആരോഗ്യവാന്മാരായ 90 പോലീസുകാരെ എ.ആർ. ക്യാമ്പ് ഡെപ്യൂട്ടി കമാൻഡന്റ് തെരഞ്ഞെടുക്കും.

പാലക്കാട് ജില്ലാ സൂപ്രണ്ട് നേരിട്ട് നടത്തുന്ന കൂടിക്കാഴ്ച യിലൂടെ ഡ്യൂട്ടിക്ക് യോഗ്യരായ 60 പോലീസുകാരെ തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ ആരോഗ്യവാന്മാരും, മടിയില്ലാത്തവരും, ലക്ഷ്യബോധമുള്ളവരും, ആത്മസമർപ്പണമുള്ളവരും, ആത്മാർത്ഥയുള്ളവരും ആയിരിക്കണം. കൂടാതെ വാളയാറിൽ ഡ്യൂട്ടി ചെയ്യുന്നതിന് നേതൃത്വ ഗുണവും ആത്മവിശ്വാസവും ഇവർക്ക് ഉണ്ടായിരിക്കും. ഈ പോലീസുകാരോട് ഡ്യൂട്ടിയുടെ വിശദാംശങ്ങൾ നൽകുക പോലീസ് സൂപ്രണ്ടായിരിക്കും. ജനങ്ങളോട് വിനയത്തോടെയും കാർക്കശ്യത്തോടെയും ഇടപെടണമെന്ന് ഇവർക്ക് നിർദ്ദേശം നൽകണം.

കേരളത്തിന്റെ പ്രവേശന കവാടമാണ് വാളയാർ ചെക്ക് പോസ്റ്റ്. കേരള പോലീസിന്റെ സ്വഭാവത്തെക്കുറിച്ച് പൊതുധാരണ ആദ്യം ലഭിക്കുക ചെക്ക് പോസ്റ്റിൽ നിന്നുമായിരിക്കും. അതിനാൽ ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെടുന്ന പോലീസുകാരുടെ പെരുമാറ്റം കുറ്റമറ്റതായിരിക്കണം. വാളയാർ ചെക്ക്പോസ്റ്റിൽ നിയമിതരാവുന്ന പോലീസുകാർ എടുത്തുപറയത്തക്ക വിധം പെരുമാറുകയും ഭംഗിയായ വേഷവിധാനത്തോടെയിരിക്കുകയും വേണം.

**ഗതാഗതനിയന്ത്രണം**

ചെക്ക്പോസ്റ്റ് അധികാരികളുമായുള്ള കൂട്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തരത്തിൽ ചില ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇവ താഴെപ്പറയുന്നവയാണ്:

a. മോട്ടോർ വാഹന ഇൻ ചെക്ക്പോസ്റ്റ് മുതൽ വാണിജ്യ നികുതി ഔട്ട് ചെക്ക് പോസ്റ്റ് വരെയുള്ള ഭാഗത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കില്ല. പിടിച്ചിടേണ്ടിവരുന്ന വാഹനങ്ങളുടെ കാര്യത്തിലും ഇത് ബാധകമായിരിക്കും.

b. പിടിച്ചിടുന്ന വാഹനങ്ങൾ അത്തരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് മാത്രമേ പാർക്ക് ചെയ്യുവാൻ അനുവദിക്കാവൂ.

c. മോട്ടോർ വാഹന ഇൻ ചെക്ക്പോസ്റ്റ് കടന്നശേഷം ഡിവൈഡർ ഉള്ള റോഡിലൂടെ രണ്ടു വരിയായും ഡിവൈഡറിന് പുറത്തുള്ള ഗ്രീൻ ചാനൽ റോഡിലൂടെ ഒറ്റവരിയായും വാഹനങ്ങളെ കടത്തിവിടണം.

d. ചെക്ക് പോസ്റ്റ് പ്രദേശത്ത് എത്തുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ എല്ലായ്പ്പോഴും സീറ്റിൽ ഉണ്ടാവണമെന്ന് നിഷ്കർഷിക്കണം.

e. ക്യൂ ഭേദിക്കുവാൻ വാഹനങ്ങളെ അനുവദിക്കരുത്. എപ്പോഴും ക്യൂവിൽ മാത്രമേ സഞ്ചരിക്കാവൂ.

f. ചുവടെ പറയുന്ന ചരക്കുകളും വഹിച്ചു കൊണ്ടു വരുന്ന വാഹനങ്ങളെ മോട്ടോർ വാഹന ഇൻ-ചെക്ക്പോസ്റ്റ് മുതൽ വാണിജ്യ നികുതി ഇൻ-ചെക്ക് പോസ്റ്റിന്റെ പ്രവേശന കവാടത്തിലെ ടോക്കൺ കൗണ്ടർ വരെയുള്ള ഗ്രീൻ ചാനലിലൂടെ കടന്നുപോകുവാൻ അനുവദിക്കും.

i) മലബാർ സിമെന്റ്സ് ലിമിറ്റഡിൽ നിന്നും സിമെന്റുമായി വരുന്നവ

ii) കണ്ടയിനറുകൾ

iii) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി കേരള ജല അതോറിറ്റിയ്ക്കുള്ള പൈപ്പുകൾ.

iv) പുതിയ കാറുകൾ, മോട്ടോർ സൈക്കിൾ, സ്ക്കൂട്ടറുകൾ, ചെയിസിസ്.

v) എൽ.പി.ജി. ബുള്ളറ്റ്, പൊതുമേഖലാ എണ്ണ കമ്പനികളുടെ വാഹനങ്ങൾ

vi) കോഴി, മത്സ്യം, പച്ചക്കറികൾ മുതലായവ.

g. മലബാർ സിമെന്റ് ലിമിറ്റഡിൽ നിന്നും സിമെന്റുമായി വരുന്ന വാഹനങ്ങൾ വാണിജ്യ നികുതി ഇൻ-ചെക്ക്പോസ്റ്റിന്റെ പുറത്തേക്കുള്ള കവാടത്തിലേക്ക് നേരെ അയയ്ക്കണം. ടോക്കണും ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചു കഴിഞ്ഞാൽ അവയെ ചെക്ക്പോസ്റ്റ് കടത്തിവിടുകയും വേണം.

h. കയറ്റുമതി ചെയ്യുവാനുള്ള ചരക്കുകളുമായി എത്തുന്ന കണ്ടെയിനറുകളിൽ കസ്റ്റംസ് വകുപ്പിന്റെ ബോട്ടിൽ സീൽ ഉണ്ടെങ്കിൽ സീൽഡ് കവറിൽ കൊണ്ടുവരുന്ന സീൽ നമ്പർ പരിശോധിച്ച ശേഷം വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഉടനടി തന്നെ ഇൻ-ചെക്ക് പോസ്റ്റ് പ്രവേശന കവാട ടോക്കൺ കൗണ്ടറിൽ നിന്നും കടത്തി വിടണം.

i. വ്യാജ മദ്യമുണ്ടോയെന്ന പരിശോധനയ്ക്കും ചരക്ക്, വാഹന നമ്പർ തുടങ്ങിയ വിവരങ്ങളുടെ രജിസ്ട്രേഷനു ശേഷം മറ്റ് തരത്തിലുള്ള കണ്ടെയിനറുകളെ ഇൻ-ചെക്ക്പോസ്റ്റ് പ്രവേശന കവാട ടോക്കൺ കൗണ്ടറിലൂടെ കടത്തി വിടാവുന്നതാണ്.

j. വിശദാംശങ്ങൾ രേഖപ്പെടുത്തിയ ശേഷം നികുതി വിധേയമായ താഴെപ്പറയുന്ന ഇനങ്ങൾ ഇൻ ചെക്ക് പോസ്റ്റ് പ്രവേശനകവാട ടോക്കൺ കൗണ്ടറിലൂടെ കടന്നുപോകുവാൻ അനുവദിക്കാവുന്നതാണ്.

i) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി കേരള ജല അതോറിറ്റിയ്ക്കുള്ള പൈപ്പുകൾ.

ii) പുതിയ കാറുകൾ, മോട്ടോർ സൈക്കിൾ, സ്ക്കൂട്ടറുകൾ, ചെയ്സിസ്.

iii) എൽ.പി.ജി. ബുള്ളറ്റ്, പൊതുമേഖലാ എണ്ണ കമ്പനികളുടെ വാഹനങ്ങൾ

k. നികുതി വിധേയമല്ലാത്ത പച്ചക്കറികൾ, പഴങ്ങൾ,

പാൽ, ഉപ്പ്, പഞ്ചസാര, മുട്ട, കോഴിതീറ്റ, ജൈവവളം, നെല്ല്, അരി, കാലിതീറ്റ മുതലായ ചരക്കുകളുമായി വരുന്ന വാഹനങ്ങളെ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനും വിവരങ്ങൾ രജിസ്റ്റർ ചെയ്തതിനും ശേഷം പ്രവേശന കവാട ടോക്കൺ കൗണ്ടറിലൂടെ കടത്തിവിടാവുന്നതാണ്. ഈ രേഖകൾ എക്സൈസ് ചെക്ക് പോസ്റ്റുകാർ നിർബന്ധമായും സീൽ ചെയ്തിരിക്കണമെന്ന് ആവശ്യപ്പെടേണ്ടതാണ്.

l. അഡ്വാൻസ് ടാക്സ് വാങ്ങി രേഖകൾ രജിസ്റ്റർ ചെയ്തശേഷം കോഴി വണ്ടികളെ ഗ്രീൻ ചാനൽ വഴി ഇൻ-ചെക്ക് പോസ്റ്റിലെ പ്രവേശനകവാട ടോക്കൺ കൗണ്ടർ കടക്കുവാൻ അനുവദിക്കും.

m. നികുതി വിധേയമായ ചരക്കുകളുമായി വരുന്ന വാഹനങ്ങൾ ഇൻ-ചെക്ക് പോസ്റ്റ് പ്രവേശന കവാട ടോക്കൺ കൗണ്ടറിൽ നിന്നും നൽകുന്ന ടോക്കണിൽ രേഖപ്പെടുത്തിയിട്ടുള്ള ട്രാക്കിലൂടെ വേണം ഇൻ-ചെക്ക് പോസ്റ്റിലേക്ക് പ്രവേശിക്കേണ്ടത്.

മേൽപ്പറഞ്ഞ മുൻഗണന ക്രമം അനുസരിച്ച് വാഹന നീക്കം നടക്കുന്നുവെന്ന് വാളയാർ ചെക്ക് പോസ്റ്റിൽ നിയമിച്ചിട്ടുള്ള പോലീസുകാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)

അഡീഷണൽ ഡയറക്ടർ
ജനറൽ ഓഫ് പോലീസ്
നോർത്ത് സോൺ,
കോഴിക്കോട

**അനുബന്ധം 1**

*07.08.2007 മുതൽ വാളയാറിലെ വാണിജ്യ നികുതി ചെക്ക് പോസ്റ്റിലും സമീപ പ്രദേശങ്ങളിലുമുള്ള സേന, വി.എച്ച്.എഫ്. സെറ്റ് വിന്യാസം*

| | | |
|---|---|---|
| 1 | കേരള തമിഴനാട് അതിർത്തയിലെ ഇടുങ്ങിയപാലം | 2 എച്ച്.സി./പി.സി. |
| 2 | പാലം മുതൽ മലബാർ സിമെന്റ് റോഡു വരെ | 2 എച്ച്.സി./പി.സി. |
| 3 | മലബാർ സിമെന്റ് റോഡു മുതൽ ഡാം റോഡ് ജംഗ്ഷൻ വരെ | 2 എച്ച്.സി./പി.സി. |
| 4 | ചന്ദ്രപുരം റോഡ് ജംഗ്ഷൻ | 2 എച്ച്.സി./പി.സി. |
| 5 | എക്സൈസ് ചെക്ക് പോസ്റ്റ്/ഇന്നർ ചെക്ക് പോസ്റ്റ് കവാടം | 2 എച്ച്.സി./പി.സി. |
| 6 | സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് | 2 എച്ച്.സി./പി.സി. |
| 7 | ടോക്കൺ / റിസപ്ഷൻ സെന്ററുകൾ | 2 എച്ച്.സി./പി.സി. |
| 8 | സെയിൽസ് ടാക്സ് (ഔട്ട്) ചെക്ക് പോസ്റ്റ് | 2 എച്ച്.സി./പി.സി. |
| 9 | പോലീസ് ഔട്ട് പോസ്റ്റ് | 2 എച്ച്.സി./പി.സി. |
| 10 | മോട്ടോർ സൈക്കിൾ മൊബൈൽ പാട്രോൾ | 2 എച്ച്.സി./പി.സി. |
| 11 | കലാപം നിയന്ത്രിക്കുന്നതിന് | 4 എ.എസ്.ഐ./ എച്ച്.സി./പി.സി. |
| 12 | പോലീസ് ഔട്ട് പോസ്റ്റിലെ വി.എച്ച്.എഫ്. ഡ്യൂട്ടി | 1 എച്ച്.സി./പി.സി. |
| | **ആകെ** | **25 എ.എസ്.ഐ./ എച്ച്.സി./പി.സി.** |

മോട്ടോർ സൈക്കിൾ പാട്രോളിംഗ് നടത്തി റിസർവ്വ് സബ്ബ് ഇൻസ്പെക്ടർമാർ വാളയാർ ചെക്ക് പോസ്റ്റ് പരിസരത്തെ ട്രാഫിക് നിയന്ത്രണത്തിന് ഡി.വൈ.എസ്.പി. മാരെ സഹായിക്കും.

**വാർത്താവിനിമയം**

വാളയാർ ചെക്ക് പോസ്റ്റിലേക്കു മാത്രമായി ഒരു പ്രാദേശിക വയർലസ് സംവിധാനം ഏർപ്പെടുത്തും. കൈയിൽ കൊണ്ടു നടക്കാവുന്ന വയർലസ്. സെറ്റുകൾ ഉപയോഗിക്കുന്നവർ ഈ വയർലസ് സംവിധാനത്തിലായിരിക്കും ലോഗിൻ ചെയ്യുക. ജില്ലാ വയർലസ് സ്റ്റേഷനുമായി ബന്ധപ്പെടുന്നതിന് പോലീസ് ഔട്ട് പോസ്റ്റിൽ ഒരു ലോ ബാന്റ് വയർലസ് സ്ഥാപിക്കും. കൂടാതെ പോലീസ് ഔട്ട് പോസ്റ്റിൽ ഒരു ടെലിഫോൺ ലൈനും പുതുതായി സ്ഥാപിക്കും.

**വാഹനസൗകര്യം**

ചെക്ക് പോസ്റ്റ് പ്രദേശത്തിന്റെ ചുമതല വഹിക്കുന്ന ഡി.വൈ.എസ്.പി. ജീപ്പായിരിക്കും ഉപയോഗിക്കുക. റിസർവ്വ് സബ് ഇൻസ്പെക്ടർമാരും പോലീസ് ടീമും നാല് മോട്ടോർ സൈക്കിൾ ഉപയോഗിക്കും. ഡി.വൈ.എസ്.പി.യും കലാപ നിയന്ത്രണ ചുമതലയുള്ളവരും പോലീസ് ഔട്ട് പോസ്റ്റിലായിരിക്കും ഉണ്ടാവുക. പോലീസ് ഉദ്യോഗസ്ഥരെ താമസ സ്ഥലത്തു നിന്നും അതാത് ഡ്യൂട്ടി സ്ഥലങ്ങളിൽ എത്തിക്കുന്നതിന്

ആംഡ് റിസർവ്വ്ഡ് പോലീസ് ഡെപ്യൂട്ടി കമാൻഡന്റ് ഒരു ബസ്സ് ഏർപ്പെടുത്തും.

**മെസ്സ്**

വാളയാർ ചെക്ക് പോസ്റ്റിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം നൽകുന്നതിനുള്ള ചുമതല ആംഡ് റിസർവ്വ്ഡ് പോലീസ് ഡെപ്യൂട്ടി കമാൻഡന്റ് എ.ആർ. ക്യാമ്പിൽ നിന്നുമായിരിക്കും ഇതിലേക്കാവശ്യമായ സാധനസാമഗ്രികളും സ്റ്റാഫിനേയും നൽകുക.

**അനുബന്ധം 2**

*വിവിധ സ്ഥലങ്ങളിൽ*
*ചെയ്യേണ്ട ഡ്യൂട്ടിയുടെ വിശദാംശങ്ങൾ*

1) *പോയിന്റ് നമ്പർ 1: കേരള തമിഴ്നാട് അതിർത്തിയിലെ ഇടുങ്ങിയ പാലം*: പാലത്തിലും പാലത്തിന്റെ ഇരുവശത്തും 50 മീറ്റർ അകലത്തിൽ വാഹനങ്ങൾ നിർത്തുവാൻ അനുവദിക്കരുത്. വാഹനങ്ങൾ ഒറ്റവരിയായി റോഡിന്റെ ഇടതുവശത്ത് മാത്രമേ പാർക്ക് ചെയ്യുവാൻ അനുവദിക്കാവൂ.

2) *പോയിന്റ് നമ്പർ 2: പാലം മുതൽ മലബാർ സിമന്റ് റോഡ്:* വാഹനങ്ങൾ റോഡിന്റെ ഇടതുഭാഗത്ത് ഒറ്റ വരിയിൽ നിർത്തണം. വാണിജ്യ നികുതി വകുപ്പ് ചെക്ക് പോസ്റ്റിൽ പരിശോധന ആവശ്യമില്ലാത്ത വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകുന്നതിന് വേണ്ടി ഈ ഭാഗത്ത് ഓവർടേക്കിംഗ് അനുവദിക്കുവാൻ പാടില്ല.

3) *പോയിന്റ് 3: മലബാർ സിമന്റ് റോഡ് മുതൽ ഡാം റോഡ് ജംഗ്ഷൻ:* ഡിവൈഡർ ഇല്ലാത്ത ഭാഗങ്ങളിൽ ഒറ്റവരിയായും ഡിവൈഡർ ഉള്ള സ്ഥലങ്ങളിൽ ഇരട്ടവരിയായും റോഡിന്റെ ഇടതുവശത്ത് ചരക്ക് കയറ്റിയ വാഹനങ്ങൾ നിർത്തുന്നുവെന്ന് ഉറപ്പുവരുത്തണം. നികുതി വകുപ്പ് ഒഴിവ് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് വഴിയൊരുക്കുന്നതിനായി ഈ ഭാഗത്ത് ഓവർടേക്കിംഗ് അനുവദിക്കരുത്. ചേയ്സിന് നീളും കൂടുതൽ ഉള്ള വാഹനങ്ങൾ ഇന്നർ ആർ. ടി.ഒ. ചെക്ക് പോസറ്റിൽ കയറ്റേണ്ടതില്ല.

4) *പോയിന്റ് 4: ചന്ദ്രപുരം ജംഗ്ഷൻ :* ചന്ദ്രപുരത്തേയ്ക്കുള്ള റോഡിൽ വാഹനങ്ങൾ തടസ്സം സൃഷ്ടിക്കുന്നില്ലെന്ന ഉറപ്പ് വരുത്തണം. ഗതാഗതം സുഗമമായി നടക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

5) *പോയിന്റ് 5: എക്സൈസ് ചെക്ക് പോസ്റ്റ് / ഇന്നർ ചെക്ക് പോസ്റ്റ്:* എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കുശേഷം വാഹനങ്ങൾ വിൽപ്പന നികുതി ചെക്ക് പോസ്റ്റിൽ കയറുന്നുവെന്ന് ഉറപ്പുവരുത്തണം. ചരക്കുകൾ ഇല്ലാതെയും പാല്, മത്സ്യം, പഴവർഗങ്ങൾ, മുട്ട, ഉപ്പ്, പഞ്ചസാര, പൂവ്, കാർ, സ്കൂട്ടർ, മുതലായവ കയറ്റിവരുന്ന വാഹനങ്ങളെയും ചെയ്സിന് നീളം കൂടിയ വാഹനങ്ങളെയും ദേശീയ പാതയ്ക്ക് സമീപമുള്ള ഗ്രീൻ ചാനൽ വിൽപ്പന നികുതി ചെക്ക്പോസ്റ്റിലേക്ക് അയക്കണം. ചെയ്സിനു നീളം കൂടിയ വാഹനങ്ങൾ ഗ്രീൻ ചാനൽ ചെക്ക് പോസ്റ്റിൽ റോഡിന്റെ ഇടതുവശത്ത് മാത്രമെ നിർത്തുന്നുള്ളുവെന്ന് ഉറപ്പുവരുത്തണം.

6) *പോയിന്റ് 6: വിൽപ്പന നികുതി ഇന്നർ ചെക്ക് പോസ്റ്റ് :* ചെക്ക് പോസ്റ്റിനുള്ളിൽ ഡ്രൈവർമാർ ക്യൂ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വിൽപ്പന നികുതി ചെക്ക്പോസ്റ്റിലെ ക്രമസമാധാനവും ഇവർ ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമുള്ള പക്ഷം ഡി.വൈ.എസ്.പി.യെ വിവരം അറിയിക്കണം.

7) *പോയിന്റ് 7: ഇൻ/ഔട്ട് ടോക്കൺ റിസപ്ഷൻ സെന്റർ:* റോഡിന് ഇരുവശത്തും വാഹനങ്ങൾ പാർക്കു ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തണം.

8) *പോയിന്റ് 8: ഔട്ടർ വിൽപ്പന നികുതി ചെക്ക് പോസ്റ്റിന്റെ കവാടം:* പെട്രോളിയം ഉത്പന്നങ്ങൾ കയറ്റിവരുന്ന ടാങ്കർ ലോറികൾ, എൽ.പി.ജി. ഗ്യാസ് കയറ്റിവരുന്ന വാഹനങ്ങൾ, ചെയ്സിസിനു നീളം കൂടിയ വാഹനങ്ങൾ എന്നിവ ഒഴികെയുള്ള ചരക്ക് വാഹനങ്ങൾ വിൽപ്പന നികുതി ഔട്ടർ ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുന്നുവെന്ന് ഉറപ്പുവരുത്തണം. എൽ.പി.ജി. കൊണ്ടുവരുന്ന വാഹനങ്ങളും ചെയ്സിനു നീളം കൂടിയ വാഹനങ്ങളും റോഡിന്റെ ഇടതുവശത്ത് ഒറ്റവരിയായി മാത്രമെ നിർത്തുവാൻ അനുവദിക്കാവൂ.

9) *പോയിന്റ് 9: പോലീസ് ഔട്ട് പോസ്റ്റ്:* ഗ്രീൻ ചാനലിലൂടെ തടസ്സമില്ലാതെ വാഹന ഗതാഗതം നടത്തുന്നുവെന്ന് ഉറപ്പുവരുത്തണം. ഗ്രീൻ ചാനലിൽ വാഹനങ്ങൾ നിർത്തിയിടാൻ അനുവദിക്കരുത്.

10) *പോയിന്റ് 10: മോട്ടോർ സൈക്കിൾ പാട്രോൾ:* ഗ്രീൻ ചാനലിലൂടെയുള്ള ഗതാഗതം സുഗമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് മോട്ടോർ സൈക്കിൾ പാട്രോൾ പാർട്ടിയുടെ ചുമതലയാണ്. കേരള-തമിഴ്നാട് അതിർത്തിയ്ക്ക് ഇരുവശവും ഗതാഗതതടസ്സമുണ്ടെങ്കിൽ നടപടി സ്വീകരിക്കണം.

11) *പോയിന്റ് 11: കലാപ നിയന്ത്രണം:* ക്രമസമാധാനനില തകരാറിലായാൽ പുന:സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

12) *പോയിന്റ് 12: പോലീസ് ഔട്ട് പോസ്റ്റിലെ വി.എച്ച്.എഫ്. ഡ്യൂട്ടി:* വാളയാറിൽ ഏർപ്പെടുത്തിയിരിക്കുന്നു വി.എച്ച്.എഫ്. സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല പോലീസ് ഔട്ട്പോസ്റ്റിൽ ഡ്യൂട്ടിയിലുള്ളവർക്കാണ്.

## അനുബന്ധം 3

*ഉപകരണങ്ങൾ*

1) റെയിൻകോട്ട്
2) റിട്രോ റിഫ്ളെക്ടീവ് ജാക്കറ്റ്
3) ഇലുമിനേറ്റിംഗ് ബാറ്റൺസ്
4) സെർച്ച് ലൈറ്റുകൾ
5) ടോർച്ചുകൾ
6) ഡസ്റ്റ് മാസ്ക്
7) കയർ
8) പോർട്ടബിൾ ഡിവൈഡർ
9) പബ്ലിക് അഡ്രസ് സിസ്റ്റം
10) കലാപനിയന്ത്രണ ഉപകരണങ്ങൾ
11) ടെലിഫോൺ
12) ലോ ബാന്റ് വയർലസ് സെറ്റ്
13) കൈയിൽ സൂക്ഷിക്കാവുന്ന വി.എച്ച്.എഫ്. സെറ്റ്
14) ജീപ്പ്
15) മോട്ടോർ സൈക്കിൾ
16) ചെക്ക് പോസ്റ്റിലെ ഓഫീസും കൺട്രോൾ റൂമും
17) ടോയിംഗ് വാഹനങ്ങൾ
18) കട്ടിൽ, തലയണ, മെത്തകൾ



റോഡ് രഹിത വാളയാർ കാണാൻ വരിക

തമിഴകം അനങ്ങില്ല; കുഴി നികത്താനും കുരുക്കഴിക്കാനും കേരള പൊലീസ്

4 കോഴിവണ്ടികൾ പിടിച്ചു

നടുപ്പുണി ചെക്ക്പോസ്റ്റിൽ ലക്ഷങ്ങളുടെ വെട്ടിപ്പ്

### ചില പ്രത്യേക പ്രശ്നങ്ങൾ

പാലക്കാട് എസ്.പി. വിജയ് സാഖറേ ഏതാണ്ട് ആഴ്ചതോറും വാളയാറിൽ ചാർജുള്ള ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, സി.ഐ കസബ, എസ്.ഐ.വാളയാർ, റിസർവ് സബ് ഇൻസ്പെക്ടർ തുടങ്ങിയവരുമായി യോഗങ്ങൾ നടത്തുകയും നിരന്തരമായി പോലീസ് പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

തമിഴ്നാട് പോലീസുമായിട്ടുള്ള ഏകോപനം വാളയാർ നടപടികളുടെ വിജയത്തിന് വളരെ പ്രാധാന്യമർഹിക്കുന്നു. ആദ്യആഴ്ചയിൽ തമിഴ്നാട് അതിർത്തിയിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ടായി. കോയമ്പത്തൂർ എസ്.പിയുമായി രണ്ടുവട്ടം യോഗങ്ങൾ നടന്നു. തമിഴ്നാട് പോലീസ് ട്രാഫിക് സ്തംഭനം ഉണ്ടാകുമ്പോൾ തമിഴ്നാട് അതിർത്തിയിൽ ക്യൂ പാലിക്കുന്നതിന് സഹകരിക്കുകയുണ്ടായി. മഴമൂലം തമിഴ്നാട് അതിർത്തിയിൽ ദേശീയപാതയിൽ വലിയ കുഴികൾ രൂപംകൊണ്ടു. ഇത് ദേശീയപാതയിലെ ഗതാഗതക്കുരുക്കിന് ഒരു പ്രധാന കാരണമായിരുന്നു. ചില ദിവസങ്ങളിൽ വാഹനങ്ങൾ കുഴിയിൽ വീഴുകയും ഗതാഗതം മണിക്കൂറുകളോളം സ്തംഭിക്കുകവരെ ഉണ്ടായിട്ടുണ്ട്. മലബാർ സിമന്റ്സ് ഗസ്റ്റ്ഹൗസിൽ 04.10.07ൽ കോയമ്പത്തൂർ ജില്ലാ കളക്ടർ, കോയമ്പത്തൂർ എസ്.പി എന്നിവർകൂടി പങ്കെടുത്തുകൊണ്ട് ഇതുസംബന്ധിച്ച് പ്രത്യേക യോഗം ചേർന്നു. പാലക്കാട് കളക്ടറും എസ്.പി.യും ഇതിൽ പങ്കെടുത്തു. മലബാർ സിമന്റ്സിന്റെ സഹായത്തോടെ തമിഴ്നാട് ഭാഗത്തുള്ള കുഴികൾ അടക്കുന്നതിന് ധാരണയായി. അങ്ങനെ ഈ പ്രശ്നം പരിഹരിച്ചു.

നടുപ്പുണ്ണി ചെക്ക്പോസ്റ്റിൽ ആദ്യആഴ്ച അധോലോക സംഘങ്ങൾ ചില പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചു. ശക്തമായ പോലീസ് ഇടപെടലിനെ തുടർന്ന് അത് പിന്നീട് ആവർത്തിക്കുകയുണ്ടായില്ല. സെയിൽസ് ടാക്സ് ഇൻസ്പെക്ടറുടെ പരാതിയെത്തുടർന്ന് ക്രൈം നമ്പർ 259/07 ഐ.പി.സി. സെക്ഷൻ 467, 468, 469, 471, 420 പ്രകാരം മുഹമ്മദാലി മലബാർ ട്രേഡേഴ്സ് കഞ്ചിക്കോടിനെതിരെ 29.09.07ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രഷറി ചെലാൻ കള്ളച്ചെലാൻ നൽകിയതിന്റെ പേരിലാണ് ഈ കേസ്. ചിറ്റൂർ സർക്കിൾ ഇൻസ്പെക്ടർ ആണ് അന്വേഷണത്തിന് നേതൃത്വം നൽകിയത്. മലബാർ ട്രേഡേഴ്സിന്റെ ഉടമസ്ഥനായ കുട്ട്യാലിയുടെ മകൻ മുഹമ്മദാലി ഒന്നാംപ്രതിയും മുഹമ്മദിന്റെ മകൻ മുഹമ്മദാലി രണ്ടാംപ്രതിയായും 09.10.07ന് തമിഴ്നാടിൽനിന്ന് അറസ്റ്റ് ചെയ്തു.

കന്നിമാരി ചെക്ക്പോസ്റ്റിനുസമീപം അനധികൃതമായ സ്വകാര്യ പുരയിടത്തിലൂടെ ഊടുവഴി സൃഷ്ടിച്ച് കള്ളക്കടത്ത് നടത്തുന്നതിനുള്ള പരിശ്രമത്തിനെതിരെയും പോലീസ് നടപടിയെടുത്തു. ഈ ഊരുവഴി ഇപ്പോൾ പൂർണമായി അടച്ചിരിക്കുകയാണ്. ധനമന്ത്രിയുടെ സന്ദർശന വേളയിലെ ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ നടപടി സ്വീകരിച്ചത്.

സുശക്തമായ പോലീസ് ബന്തവസ്സ്മൂലം ഓപ്പറേഷൻ പാലക്കാട് ഗ്യാപ്പിലേതുപോലെ ഒരനിഷ്ടസംഭവവും അഴിമതിരഹിത വാളയാർ പരിപാടിയുടെ വേളയിൽ ഉണ്ടായിട്ടില്ല എന്ന പ്രത്യേകം എടുത്തുപറയട്ടെ.

## ജില്ലാ ഭരണകൂടം

ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സുബൈദ ഇസ്ഹാക്കും ജില്ലാ കളക്ടർ ശ്രീ ശ്രീനിവാസും തുടക്കംമുതൽ വാളയാർ പരിപാടിയിൽ പങ്കാളികളായിരുന്നു. ജില്ലാഭരണസംവിധാനത്തെയാകെ ഏകോപിപ്പിക്കുന്നതിന് ജില്ലാകളക്ടർ ഒരു നിർണായക പങ്കുവഹിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ എം.ഡി.എന്ന നിലയിൽ ആ പൊതുമേഖലാ സ്ഥാപനത്തിന്റെ പൂർണ സഹകരണം പരിപാടിയുടെ വിജയം ഉറപ്പുവരുത്തുന്നതിന് സഹായകമായി. എല്ലാ ജില്ലാതല അവലോകന യോഗങ്ങളിലും ചെക്പോസ്റ്റുമായി ബന്ധപ്പെട്ടുനടന്ന പൊതുചടങ്ങുകളിലും ജില്ലാകളക്ടറുടെ സാന്നിധ്യം ഉണ്ടായിരുന്നു.

